ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി കഴിഞ്ഞ 10 വർഷത്തിനിടെ 30 ഇരട്ടി വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi said that India's defence exports have increased 30 fold during the last ten years. PM Modi and his Spanish counterpart Pedro Sanchez launched manufacturing facility for C-295 aircraft in Vadodara.**

2) രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാർക്കും ആയുഷ്മാൻ ഭാരതിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന സുപ്രധാന പദ്ധതിക്ക് പ്രധാനമന്ത്രി നാളെ തുടക്കം കുറിക്കും.

**The Prime Minister will launch the expansion of health coverage to all senior citizens aged 70 years and above as a major addition to the Ayushman Bharat Pradhan Mantri Jan Arogya Yojana in New Delhi, tomorrow.**

3) കേന്ദ്രസർക്കാരിൻറെ റോസ്ഗാർ മേളയിലൂടെ രാജ്യത്തെ 51,000 യുവജനങ്ങൾക്ക് നാളെ നിയമന ഉത്തരവുകൾ കൈമാറും. തിരുവനന്തപുരത്തും, കൊച്ചിയിലും നടക്കുന്ന മേളകളിൽ കേന്ദ്രമന്ത്രിമാർ പങ്കെടുക്കും.

**Prime Minister Narendra Modi will distribute more than 51 thousand appointment letters to newly appointed youth tomorrow through video conferencing. Union Minister Chirag Paswan and MoS Suresh Gopi will attend the Rozgar Mela to be held in Thiruvananthapuram and Kochi.**

4) **സംസ്ഥാനത്തെ മൂന്ന് മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ഊർജിതമാക്കി മുന്നണികൾ.**

**Scrutiny of nominations for the byelections completed today in Kerala. Political parties intensified campaigns for the bypoll.**

5) **യമുനാ നദിയിലെ ജലത്തിൽ ഉയർന്ന തോതിൽ അമോണിയാ സാന്നിധ്യം കണ്ടെത്തിയതിനെ തുടർന്ന് ഡൽഹിയുടെ വിവിധ മേഖലകളിൽ ജലദൗർലഭ്യം രൂക്ഷമായി തുടരുന്നു.**

**Several Parts of National Capital Delhi are facing water shortage issue due to the presence of high ammonia content in River Yamuna.**

6) **ഗാസയിൽ ഹ്രസ്വകാല വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന നിർദ്ദേശം തള്ളി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു.**

**Israeli Prime Minister Benjamin Netanyahu has turned down a proposal from Egyptian President Abdel Fattah el Sissi for a short-term cease-fire in the Gaza Strip**

**&&&&&&&&&&&&&&&&&&**

## PM AIRCRAFT INTRO

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 30 ഇരട്ടി വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. C-295 വിഭാഗത്തിൽപ്പെട്ട സൈനിക വിമാന നിർമാണത്തിനുള്ള ടാറ്റ എയർക്രാഫ്റ്റ് കോംപ്ലക്സ് സ്പാനിഷ് പ്രധാനമന്ത്രി പെദ്രോ സാഞ്ചസിനൊപ്പം ഗുജറാത്തിലെ വഡോദരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സൈനിക വിമാന നിർമാണത്തിനുള്ള ആദ്യ സ്വകാര്യ ഫൈനൽ അസംബ്ലി ലൈൻ കേന്ദ്രമാണിത്. പ്രതിരോധ നിർമാണ രംഗത്തെ ഇന്ത്യയുടെ ശേഷി

വർദ്ധിക്കുകയാണെന്നും 100-ലേറെ രാജ്യങ്ങളിലേക്ക് ഇന്ത്യ പ്രതിരോധ ഉപകരണങ്ങൾ കയറ്റുമതി ചെയ്യുന്നതായും ശ്രീ മോദി പറഞ്ഞു. യാത്രാ വിമാന നിർമാണ രംഗത്തും രാജ്യത്തിൻറെ എം.എസ്.എം.ഇ മേഖലയ്ക്ക് വലിയ പങ്ക് വഹിക്കാനാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

പ്രതിരോധ നിർമാണ രംഗത്ത് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. എയർബസ്-ടാറ്റ പങ്കാളിത്തം ഇന്ത്യൻ വ്യോമയാന മേഖലയുടെ പുരോഗതിയിൽ വലിയ സംഭാവനകൾ നൽകുമെന്ന് സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസ് ചടങ്ങിൽ വ്യക്തമാക്കി. വഡോദരയിലെ ലക്ഷ്മി വിലാസ് പാലസിൽ നടന്ന പ്രതിനിധി തല ചർച്ചകളിലും ഇരു നേതാക്കളും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM DHANVANTARI JAYANTI

രാജ്യത്തെ 70 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാർക്കും ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന സുപ്രധാന പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. ആയുഷ്മാൻ

ഭാരതിലൂടെയുള്ള ആരോഗ്യ പരിരക്ഷ വരുമാനം പരിഗണിക്കാതെ എല്ലാ മുതിർന്ന പൗരന്മാരിലേക്കും വ്യാപിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ മേഖലയിലെ 12,850 കോടി രൂപയുടെ പദ്ധതികൾക്കാണ് ധന്വന്തരി ജയന്തി ദിനത്തോടനുബന്ധിച്ച് നടക്കുന്ന ചടങ്ങിൽ ശ്രീ മോദി നാളെ തുടക്കം കുറിക്കുന്നത്. .

&&&&&&&&&&&&&&&&&&

## PM - ROZGAR MELA

കേന്ദ്ര സർക്കാർ ജോലികളിൽ നിയമിതരാകുന്ന 51,000 യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീഡിയോ കോൺഫറൻസിലൂടെ നിയമനപത്രം കൈമാറും. രാജ്യത്തെ 40 കേന്ദ്രങ്ങളിലാണ് റോസ്ഗാർ മേള സംഘടിപ്പിക്കുന്നത്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്രനിർമ്മാണത്തിൽ ഭാഗഭാക്കാകാൻ യുവാക്കൾക്ക് അവസരങ്ങൾ നൽക്കുകയാണ് മേളയുടെ ലക്ഷ്യം. പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് iGOT കർമ്മയോഗി പോർട്ടൽ വഴി അടിസ്ഥാന പരിശീലനം നൽകും. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിൽ രാവിലെ 9 മണിക്ക് നടക്കുന്ന റോസ്ഗാർ മേളയിൽ കേന്ദ്രമന്ത്രി ചിരാഗ്

പാസ്വാൻ പങ്കെടുക്കും. കൊച്ചിയിൽ നടക്കുന്ന മേളയിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി നാളെ നിയമനപത്രം കൈമാറും.

&&&&&&&&&&&&&&&&&&

## YUVA AAPDA MITRA SCHEME

NCC, നെഹ്റു യുവകേന്ദ്ര , NSS , ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് എന്നിവയിൽ അംഗങ്ങളായ രണ്ട് ലക്ഷത്തി 37,000 സന്നദ്ധ പ്രവർത്തകർക്ക് യുവ ആപ്ദാ മിത്ര പദ്ധതിയിലൂടെ പരിശീലനം നൽകാനൊരുങ്ങി കേന്ദ്ര സർക്കാർ. ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ ന്യൂഡൽഹിയിൽ നടന്ന 20-ാം രൂപീകരണ ദിനാഘോഷച്ചടങ്ങിൽ കേന്ദ്ര ആഭ്യന്തര സെക്രട്ടറി പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. ദുരന്ത നിവാരണത്തിനായി യുവജനങ്ങളെ പ്രാപ്തരാക്കാനാണ് പരിശീലനം. പദ്ധതിയിലൂടെ കുറഞ്ഞത് 50 ശതമാനം വനിതകൾക്കെങ്കിലും പരിശീലനം ഉറപ്പുവരുത്തും. ഈ വർഷം ജൂലൈയിലാണ് യുവ ആപ്ദ മിത്ര പദ്ധതിയ്ക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അംഗീകാരം നൽകിയത്. രാജ്യത്തെ ഏറ്റവും ദുരന്തബാധിതമായ 315 ജില്ലകളിലാണ് പദ്ധതി നടപ്പാക്കുക.

&&&&&&&&&&&&&&&&&&

## CM VEHICLE

മുഖ്യമന്ത്രി പിണറായി വിജയൻറെ വാഹനവ്യൂഹം തിരുവനന്തപുരം വാമനപുരത്ത് വച്ച് അപകടത്തിൽപ്പെട്ടു. അപകടത്തിൽ ആർക്കും പരിക്കില്ല. കോട്ടയത്ത് നിന്ന് തിരുവനന്തപുരത്തേക്ക് പോകും വഴി അകമ്പടി വാഹനങ്ങൾ ഉൾപ്പെടെ അഞ്ചു വാഹനങ്ങളാണ് കൂട്ടിയിടിച്ചത്. സ്കൂട്ടർ യാത്രക്കാരിയെ രക്ഷിക്കുന്നതിനായി വാഹനം പെട്ടെന്ന് നിർത്തിയതാണ് അപകട കാരണം. ഇതേത്തുടർന്ന് 15 മിനിറ്റോളം റോഡിൽ ഗതാഗതക്കുരുക്ക് ഉണ്ടായി.

&&&&&&&&&&&&&&&&&&

**ELECTION- WAYANADU ( INTRO )**

കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നടക്കുന്ന ഉപതിരഞ്ഞെടുപ്പിനായി സമർപ്പിച്ച നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. മണ്ഡലങ്ങളിൽ മുന്നണികൾ പ്രചാരണം സജീവമായി തുടരുകയാണ്. ഈ മാസം 30 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.

**വയനാട് ലോക്സഭാ** ***മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെന്റ് (വോയിസ്)***

&&&&&&&&&&&&&&&&&&

## MUMBAI-NOMINATION

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി നാളെ അവസാനിക്കാനിരിക്കെ മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെയും ഉപമുഖ്യമന്ത്രി അജിത് പവാറും ഉൾപ്പെടെ വിവിധ പാർട്ടികളുടെ സ്ഥാനാർത്ഥികൾ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. എൻസിപി ശരദ് പവാർ വിഭാഗം നേതാവ് യുഗേന്ദ്ര പവാർ ,കോൺഗ്രസ് നേതാക്കളായ വിജയ് വഡേത്തിവാർ തുടങ്ങിയവരും ഇന്ന് പത്രിക നൽകി. മഹാരാഷ്ട്രയിലെ 288 മണ്ഡലങ്ങളിലേക്ക് അടുത്തമാസം 20നാണ് വോട്ടെടുപ്പ്. 23-നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

## PM MODI GUJARAT

ഗുജറാത്തിലെ അമ്രേലിയിൽ നാലായിരത്തി 800 കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. ഭുജ്-നാലിയ റെയിൽ പാതയുടെ ഗേജ് മാറ്റം, വിവിധ ദേശീയ പാതകൾ നാലുവരിയാക്കൽ എന്നിവ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പദ്ധതികളിൽ ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

## DELHI WATER SHORTAGE

ഡൽഹിയുടെ വിവിധ മേഖലയിൽ ജലദൗർലഭ്യം രൂക്ഷമായി തുടരുന്നു. യമുനാ നദിയിലെ ജലത്തിൽ ഉയർന്ന തോതിൽ അമോണിയാ സാന്നിധ്യം കണ്ടെത്തിയ സാഹചര്യത്തിൽ രണ്ട് ജല ശുദ്ധീകരണ പ്ലാൻറുകളുടെ പ്രവർത്തനം 30 ശതമാനം വരെ കുറച്ചിരിക്കുകയാണ്. വെള്ളിയാഴ്ച വരെ ജലവിതരണം പല ഭാഗങ്ങളിലും തടസ്സപ്പെടുമെന്നാണ് മുന്നറിയിപ്പ്. വിഷയത്തിൽ ഹരിയാന സർക്കാരിനെതിരെ ആം ആദ്മി പാർട്ടിയും, ഡൽഹി സർക്കാരിനെതിരെ ബിജെപിയും ആരോപണവുമായി രംഗത്തുണ്ട്. വായു മലിനീകരണത്തിനൊപ്പം, ജലദൗർലഭ്യവും രൂക്ഷമായത് ഡൽഹിയിലെ ജനങ്ങളെ പ്രതിസന്ധിയിൽ ആക്കി.

&&&&&&&&&&&&&&&&&&

## DIWALI RESTRICTIONS

സംസ്ഥാനത്ത് ദീപാവലി ആഘോഷങ്ങളിൽ നിശബ്ദ മേഖലകളായ ആശുപത്രികൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, തുടങ്ങിയവയുടെ 100 മീറ്റർ ചുറ്റളവിനുള്ളിൽ ശബ്ദമുണ്ടാക്കുന്ന പടക്കങ്ങൾ പൊട്ടിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവ്. ഹരിതപടക്കങ്ങൾ മാത്രമേ സംസ്ഥാനത്ത് വിൽക്കാനും ഉപയോഗിക്കാനും പാടുള്ളൂ എന്നും സർക്കാർ നിർദ്ദേശിച്ചു. ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി 8 മുതൽ 10 വരെയാക്കി നിയന്ത്രിച്ച്

സംസ്ഥാന സർക്കാർ മുൻപ് തന്നെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## HYDROPOWER PROJECT

വൈദ്യുതിമേഖലയിൽ പ്രകൃതിസൗഹൃദ സുസ്ഥിര വികസനമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടുക്കി ജില്ലയിലെ തൊട്ടിയാർ ജലവൈദ്യുതപദ്ധതി മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു. പൊതുമേഖലയിൽ സംസ്ഥാനത്തെ 43 മത് ജലവൈദ്യുത പദ്ധതിയാണ് തൊട്ടിയാർ.

&&&&&&&&&&&&&&&&&&

## ISRAEL REJECTS CEASEFIRE PROPOSAL

ഗാസയിൽ രണ്ട് ദിവസത്തെ ഹ്രസ്വകാല വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന ഈജിപ്ഷ്യൻ പ്രസിഡൻ്റ് അബ്ദുൽ ഫത്താഹ് എൽ സിസിയുടെ നിർദ്ദേശം തള്ളി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. കെയ്റോയിൽ അൾജീരിയൻ പ്രസിഡൻ്റിനൊപ്പം നടത്തിയ വാർത്താസമ്മേളനത്തിലാണ് തടവുകാരെ പരസ്പരം കൈമാറുന്നതിന് വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന നിർദേശം ഈജിപ്ഷ്യൻ പ്രസിഡൻ്റ് മുന്നോട്ട് വച്ചത്. അമേരിക്ക, ഈജിപ്റ്റ്, ഖത്തർ എന്നീ രാഷ്ട്രങ്ങളുടെ നേതൃത്വത്തിൽ നടന്നു വന്ന സമവായ ശ്രമങ്ങൾ

നെതന്യാഹുവിൻറെ നിലപാട് വ്യക്തമായതോടെ സ്തംഭിച്ചിരിക്കുകയാണ്. ഇസ്രായേൽ സൈന്യം ഗാസയിൽ ആക്രമണം തുടരുകയാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&